നിർമ്മിതികേന്ദ്രങ്ങളുടെ പ്രശ്നങ്ങൾ

187 [2625] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജില്ലാ നിർമ്മിതികേന്ദ്രങ്ങളും അവിടത്തെ ജീവനക്കാരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ നിർമ്മിതികേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധമായി ജീവനക്കാരുടെ സംഘടനകളിൽനിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) തിരുവനന്തപുരം ജില്ലാ നിർമ്മിതികേന്ദ്രത്തിന്റെ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ കാർ ജില്ലാ കളക്ടറുടെ ആവശ്യത്തിനായി ഉപയോഗിക്കുന്ന കാര്യം സർക്കാരിനറിയാമോ;

(എഫ്) സാമ്പത്തികപരാധീനത അനുഭവിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ ഫണ്ട് ദുരുപയോഗപ്പെടുത്തുന്നതിനെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)—(ഡി) ജില്ലാ നിർമ്മിതികേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ) അറിയാം. നിർമ്മിതികേന്ദ്രത്തിന്റെ ജില്ലാതല ചെയർമാൻ എന്ന നിലയിൽ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്.

(എഫ്) ഉത്തരം (ഇ) യുടെ വെളിച്ചത്തിൽ ബാധകമല്ല.

(27-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത 2503, 2505, 2554, 2556, 2563, 2564, 2584, 2585 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly